കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1794 നൽകേണ്ടിയിരുന്നത്    14.08.2017-ൽ മറുപടി

## അക്രമങ്ങൾക്ക് ശാശ്വതപരിഹാരം

| ചോദ്യം<br>ശ്രീ. ഒ.രാജഗോപാൽ | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും രാഷ്ട്രീയപാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ ക്രമസമാധാനം ഉറപ്പുവരുത്തുവാൻ കർശനമായ നിർദ്ദേശം പോലീസ് അധികാരികൾക്ക് നല്കിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്കെതിരെ എത്ര അക്രമങ്ങളുണ്ടായി എന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെ എത്ര അക്രമങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; സ്ത്രീ സുരക്ഷയ്ക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; അവ പ്രാബല്യ ത്തിൽ വരുത്തിയോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്കെതിരെ നടന്ന അക്രമങ്ങളുമായി ബന്ധപ്പെട്ട് 17819 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 65162 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ത്രീ സുരക്ഷയ്ക്ക് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം I - ൽ ചേർത്തിരിക്കുന്നു. |
| (സി) സംസ്ഥാനത്ത് പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരോടുള്ള അക്രമങ്ങൾ പെരുകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലയളവിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ സമുദായക്കാർക്കെതിരെ എത്ര അക്രമങ്ങളുണ്ടായിട്ടുണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര അക്രമങ്ങളാണ് ഉണ്ടായിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) സംസ്ഥാനത്ത് പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരോടുള്ള അക്രമങ്ങൾ പെരുകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. പട്ടിക ജാതി/പട്ടിക വർഗ്ഗ സമുദായക്കാർക്കെതിരെ നടന്ന അക്രമങ്ങളുമായി ബന്ധപ്പെട്ട് 1495 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതുമായി ബന്ധപ്പെട്ട് 4018 കേസുകളാണ് രജിസ്റ്റർ ചെയ്തിരുന്നത്. |

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങളാണ് ഉണ്ടായിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

(ഡി) കണ്ണൂർ ജില്ലയിൽ 7 കേസുകളിൽ വിചാരണാവസ്ഥയിലുള്ള 4 കേസുകളും അന്വേഷണാവസ്ഥയിലുള്ള 3 കേസുകളുമാണ്.
കോഴിക്കോട് ജില്ലയിൽ ഒരു കേസ് വിചാരണാവസ്ഥയിലും ഒരു കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുമുണ്ട്.
പാലക്കാട്, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ 4 കേസുകൾ നിലവിലുള്ളതിൽ അന്വേഷണാവസ്ഥയിലുള്ള 3 കേസും കുറ്റപത്രം സമർപ്പിച്ച ഒരു കേസും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

സാമൂഹ്യനീതി വകുപ്പ് മുഖേന സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണത്തിനുമായി ആവിഷ്ക്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

### 1. കൈത്താങ്ങ് പദ്ധതി

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾക്കാണ് പ്രാധാന്യം നൽകേണ്ടത്. ഈ അതിക്രമങ്ങൾ ചെറുക്കുന്നതിനായി വിവിധ വകുപ്പുകൾ പല മേഖലകളിലായി പ്രവർത്തിച്ചുവരുന്നു. ഈ വകുപ്പുകളുടെ എല്ലാ പ്രവർത്തനങ്ങളും താഴേത്തട്ട് മുതൽ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി 'കൈത്താങ്ങ്' എന്നൊരു കർമ്മസേന രൂപീകരിച്ച് പൈലറ്റടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലെ 350 വാർഡുകളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി സാമൂഹ്യനീതി വകുപ്പു മുഖേന ആവിഷ്ക്കരിച്ചിരിക്കുന്നു.

### 2. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമുള്ള നിയമാവബോധ പരിപാടി

സമൂഹത്തിലെ താഴേക്കിടയിലുള്ള സ്ത്രീകളേയും പെൺകുട്ടികളേയും നിയമാവബോധത്തിലൂടെ ശാക്തീകരിക്കുന്നതിനും തങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളെക്കുറിച്ചും നിയമാവകാശങ്ങളെക്കുറിച്ചും മറ്റു നിയമങ്ങളെക്കുറിച്ചും അവയുടെ പരിഹാരങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക. തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. സംസ്ഥാനത്തെ 14 ജില്ലകളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ 7500 പേർക്ക് 100 നിയമബോധന പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

### 3. ശ്രദ്ധ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിന് ഉദ്യോഗസ്ഥർക്കും സേവനദാതാക്കൾക്കും നിയമ ബോധവത്ക്കരണം നൽകി കാര്യക്ഷമത വർദ്ധിപ്പിക്കുന്ന പദ്ധതിയാണ് 'ശ്രദ്ധ'. ഈ പദ്ധതിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

### 4. ഏകദിനവസതി (One Day Home പദ്ധതി)

സംസ്ഥാനത്തെ തലസ്ഥാന നഗരിയിൽ അടിയന്തര ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസ്ഥലം കണ്ടെത്തുവാൻ പലപ്പോഴും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തനിച്ച് തിരുവനന്തപുരത്ത് ഇന്റർവ്യൂ വിവിധതരം മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് വരുന്ന വനിതാ ഉദ്യോഗാർത്ഥികൾ, സെക്രട്ടറിയേറ്റ്/മറ്റു വകുപ്പ് ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിൽ വ്യക്തിഗത ആവശ്യങ്ങൾക്കും മറ്റ് അടിയന്തര ആവശ്യങ്ങൾക്കുമായി രാത്രിയോ, വൈകുന്നേരങ്ങളിലോ ഒറ്റയ്ക്ക് എത്തുന്ന സ്ത്രീകൾ/പെൺകുട്ടികൾ എന്നിവർക്ക്

സുരക്ഷിതമായ താമസ സൗകര്യം, ഭക്ഷണം എന്നിവ ഉച്ചമായ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ഒരു പദ്ധതിയാണിത്. തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. തിരുവനന്തപുരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിലാണ് ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുള്ളത്.

5. സ്ത്രീധനം, ഗാർഹിക പീഢനം, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ 'സധൈര്യം മുന്നോട്ട്' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക ശാക്തീകരണത്തിലൂടെയും നിയമസംവിധാനങ്ങളിലൂടെയും ലിംഗാവബോധത്തിലൂടെയും സ്ത്രീകൾക്ക് അവസരങ്ങൾ നൽകുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ കുടുംബത്തിന് സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും വ്യാവസായിക സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വ്യാവസായിക പരിശീലനം നൽകുന്നതിനും ലിംഗസമത്വം സംബന്ധിച്ച് സാംസ്കാരികവും സാമൂഹികവുമായ അറിവും വിജ്ഞാനവും നൽകുന്നതിന്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റക്കാരെ അതിവേഗം ശിക്ഷിക്കുന്നതിനും, നിയമങ്ങളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും, ദാരിദ്ര്യം, ചൂഷണം, അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾ, പ്രകൃതി ദുരന്തങ്ങൾ ബാധിച്ച സ്ത്രീകൾ, വയോധികരായ സ്ത്രീകൾ, അവിവാഹിതരായ സ്ത്രീകൾ, വനിതാ ഗൃഹനാഥരായ കുടുംബങ്ങളിലെ സ്ത്രീകൾ, ആദിവാസി സ്ത്രീകൾ എന്നിവരെ സാമൂഹികമായി സംരക്ഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സാമൂഹ്യനീതി വകുപ്പ് മുഖേന സർക്കാർ വിവിധ പദ്ധതികൾ സ്ത്രീശാക്തീകരണ പദ്ധതികളിലൂടെ ആവിഷ്കരിച്ചുവരുന്നു. ഈ പദ്ധതികൾ സമയബന്ധിത ക്രമത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ഒരു പദ്ധതി 'സധൈര്യം മുന്നോട്ട് ' എന്ന പേരിൽ ആവിഷ്കരിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടും ഉണ്ട്.

ഗാർഹിക പീഡനത്തിന് ഇരയായവർ, വിധവകൾ, വിവാഹമോചിതർ എന്നിവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് കോഴിക്കോട് skill development center മുഖേന പരിശീലനം നൽകുകയും, തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഫണ്ട് നൽകിയിട്ടുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളുടേയും ശരിയായ നിർവ്വഹണവും അതിലൂടെ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ